'ഭരണഭാഷ – മാതൃഭാഷ'

ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രി
കൊരട്ടി,
ഫോൺ - 0480 2732035
gghdkty1955@gmail.com

നമ്പർ - ബി- 842/2021

തിയ്യതി 22.06.2022

## ദർഘാസ് പരസ്യം

(നാലാം പുനർ പ്രസിദ്ധീകരണം)

ഗാന്ധിഗ്രാം ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രി കൊരട്ടിയിലെ പുതിയ കെട്ടിടം (Mens Block) നിർമ്മിക്കുന്നതിന് തടസ്സമായി നിൽക്കുന്ന പ്ലാവ് പരസ്യലേലം/ടെൻഡർ മുഖാന്തിരം വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

- ഫോറത്തിന്റെ വില - 300 +18 % ജി.എസ്.റ്റി.
- ഡ്യൂപ്ലിക്കേറ്റ് കോപ്പിയുടെ വില - 200 +18 % ജി.എസ്.റ്റി.
- നിരത ദ്രവ്യം - 1200 രൂപ (ടെൻഡർ ഫോം സമർപ്പിക്കുന്നവർ ഗാന്ധിഗ്രാം ആശുപത്രി സൂപ്രണ്ട്, കൊരട്ടിയുടെ പേരിൽ മാറാവുന്ന ഡി.ഡി മുഖാന്തിരവും ലേലത്തിൽ പങ്കെടുക്കുന്നവർ പണമായും ഒടുക്കേണ്ടതാണ്.)
- ടെൻഡർ ഫോം വിൽപന അവസാനിക്കുന്ന തിയ്യതി - 29.06.2022 , 03.00 പി.എം

30/06/2022 ന് ഉച്ചതിരിഞ്ഞ് 3 മണിക്ക് മുൻപായി പൂരിപ്പിച്ച ടെൻഡറുകൾ ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്. അന്നേ ദിവസം 3.30 മണിക്ക് പരസ്യലേലവും നടത്തുന്നതാണ്. **ജി.എസ്.ടി രജിസ്ട്രേഷൻ ടെൻഡർ/ലേലത്തിൽ പങ്കെടുക്കുന്നവർക്ക് നിർബന്ധമായും ഉണ്ടായിരിക്കണം.** പരസ്യലേലത്തെത്തുടർന്ന് ഹാജറുള്ള ടെൻഡറർമാരുടെ സാന്നിദ്ധ്യത്തിൽ ടെൻഡറുകൾ തുറക്കുന്നതാണ്. ടെൻഡറുകൾ പരിശോധിച്ച് എറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ളതും അനുയോജ്യവുമായ ടെൻഡർ/ലേലം **ആരോഗ്യ വകുപ്പ് മേധാവിയുടെ അംഗീകാരത്തിന് വിധേയമായി ഉറപ്പിക്കുന്നതാണ്.** 18% അഥവാ സർക്കാർ നിരക്കിൽ ജി.എസ്.ടി, 5% തുക എഫ്.റ്റി.ഡി എന്നിവ കരാറുകാരൻ ഒടുക്കേണ്ടാണ്. ടെൻഡർ /ലേലം അംഗീകരിച്ചതായി അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് കരാറുകാർ മുഴുവൻ തുകയും തൊട്ടടുത്ത പ്രവർത്തി ദിവസം ആഫീസിൽ അടക്കേണ്ടതാണ്. ടെൻഡർ/ലേലം അംഗീകരിച്ച് അറിയിപ്പ് കിട്ടുന്ന വ്യക്തി സ്വന്തം ചിലവിൽ ഈ സ്ഥാപന മേധാവിയുമായി (200 രൂപയുടെ മുദ്ര പേപ്പറിൽ) കരാറിൽ ഏർപ്പെടേണ്ടതാണ്. കരാർ ഉറപ്പിച്ച് 5 ദിവസത്തിനകം കരാറുകരൻ മരം വെട്ടിമാറ്റി പരിസരം വൃത്തിയാക്കേണ്ടതാണ്. കേരള സർക്കാരിന്റെ നിലവിലെ നിയമങ്ങൾ ടെൻഡർ നടപടികൾക്ക് ബാധകമാണ്.

ടെൻഡർ നടപടികൾ മാറ്റിവയ്ക്കുന്നതിനോ റദ്ദു ചെയ്യുന്നതിനോ ഈ സ്ഥാപന മേധാവിക്ക് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഉള്ളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

GANDHIGRAM GOVERNMENT HOSPITAL OF DERMATOLOGY * KORATTY *

സൂപ്രണ്ട്
SUPERINTENDENT
GANDHIGRAM GOVT. HOSPITAL OF DERMATOLOGY
KORATTY